ICPS 3/9665/17

സാമൂഹ്യ നീതി ഡയറക്ടറേറ്റ്(അനക്സ്),
SCPS, പൂജപ്പുര, തിരുവനന്തപുരം.
തീയതി : 24.04.2017

**സർക്കുലർ**

വിഷയം : സാ.നീ.വ-ഐ.സി.പി.എസ്-NIMHANS ന്റെ സഹായത്തോടെ നടപ്പിലാക്കുന്ന കാവൽ പദ്ധതി പദ്ധതി നടപ്പിലാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പുറപ്പെടുവിയ്ക്കുന്നത് സംബന്ധിച്ച്.

സൂചന :
1. 10.04.2017 & 11.04.2017 എന്നീ ദിവസങ്ങളിൽ കൂടിയ ഡി.സി.പി.യു കളുടെ പ്രവർത്തനാവലോകന മീറ്റിംഗ് തീരുമാനം
2. 29.03.2017 ന് കൂടിയ ICPS എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനം

നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികൾക്ക് മനശാസ്ത്രപരമായ പരിരക്ഷയും പിൻതുണയും നൽകി സ്വഭാവ പരിവർത്തനം സാദ്ധ്യമാക്കി ശരിയായ സാമൂഹ്യജീവിതം നയിക്കാൻ അവരെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെയുള്ള സാമൂഹ്യ ഇടപെടുൽ പരിപാടിയായ കാവൽ പദ്ധതി ബാംഗ്ലൂർ NIMHANS ന്റെ സഹകരണത്തോടെ രണ്ടാം ഘട്ടമായി പത്തനംതിട്ട, കോട്ടയം, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കണ്ണൂർ ജില്ലകളിൽ കൂടി നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ഒന്നാംഘട്ടത്തിലേതുപോലെ രണ്ടാംഘട്ടപ്രർത്തനങ്ങളും തെരെഞ്ഞെടുക്കപ്പെട്ട സന്നദ്ധ സംഘടനകൾ മുഖന്തരമാണ് നടപ്പാക്കുന്നത്. ഇതിലേയ്ക്കായി അനുയോജ്യരായ സന്നദ്ധ സംഘടനകളെ തെരെഞ്ഞെടുക്കുന്നതിന് താഴെപ്പറയുന്ന മാനദണ്ഡങ്ങൾ നിശ്ചയിച്ചിരിക്കുന്നു.

1. അപേക്ഷിക്കുന്ന സംഘടന 1955 ലെ തിരുവിതാംകൂർ - കൊച്ചി സാഹിത്യ ശാസ്ത്രീയ ധർമ്മ സംഘങ്ങൾ രജിസ്ട്രേഷൻ ആക്ട്, 1860 ലെ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട്, 1882 ലെ ഇൻഡ്യൻ ട്രസ്റ്റ് ആക്ട് എന്നിവയിൽ ഏതെങ്കിലും ഒന്ന് പ്രകാരം രജിസ്റ്റർ ചെയ്തിരിയ്ക്കണം.

   അല്ലെങ്കിൽ

   MSW, BSW കോഴ്സുകൾ നടത്തുന്ന അക്കാദമിക് സ്ഥാപനങ്ങളുടെ ഔട്ട് റീച്ച് സംവിധാനമായിരിയ്ക്കണം.
2. സാമൂഹ്യനീതി വകുപ്പിന്റെ അക്രഡിറ്റേഷൻ ലഭിച്ച സന്നദ്ധ സംഘടനയായിരിക്കണം

   അല്ലെങ്കിൽ

   കുട്ടികളുടെ പുന:രധിവാസമേഖലയിൽ രണ്ട് വർഷത്തിൽ കുറയാത്ത പ്രവർത്തി പരിചയമുള്ള സംഘടനയായിരിക്കണം.

3. നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികൾക്കുവേണ്ടി പ്രവർത്തിയ്ക്കാനുള്ള സന്നദ്ധതയുള്ള സംഘടനയായിരിക്കണം.
4. നിയമപ്രകാരം തെരെഞ്ഞെടുക്കപ്പെട്ട ഭരണസമിതി നിലയിലുണ്ടായിരിക്കണം.
5. ഈ പദ്ധതി ഏറ്റെടുത്ത് നടത്തുവാനുള്ള സാമ്പത്തിക ഭദ്രതയുള്ള സംഘടനയായിരിക്കണം.

സന്നദ്ധ സംഘടനകളെ തെരെഞ്ഞെടുക്കുന്നതിനായി മേൽപ്പറഞ്ഞ നിബന്ധനകൾ ഉൾപ്പെടുത്തി അപേക്ഷ ക്ഷണിച്ചുകൊണ്ട് ജില്ലാ ശിശുസംരക്ഷണ ഓഫീസർമാർ വിജ്ഞാപനം പുറപ്പെടുവിയ്ക്കേണ്ടതാണ്. വിജ്ഞാപനം പത്രങ്ങളിലും സാമൂഹ്യനീതി വകുപ്പിന്റെ വെബ്സൈറ്റിലും പ്രസിദ്ധീകരിയ്ക്കണം വിജ്ഞാപനത്തിന് വ്യാപകമായ പരസ്യം നൽകേണ്ടതാണ്. കഴിഞ്ഞ രണ്ട് വർഷത്തെ ഓഡിറ്റഡ് സ്റ്റേറ്റ്മെന്റ് ഓഫ് അക്കൗണ്ട്സ്, ഭരണറിപ്പോർട്ട് എന്നിവ അപേക്ഷയോടൊപ്പം സമർപ്പിയ്ക്കണം.

സന്നദ്ധ സംഘടനകളെ തെരെഞ്ഞെടുക്കുന്നതിനുവേണ്ടി ഓരോ ജില്ലയിലും താഴെപ്പറയും പ്രകാരം ഒരു കമ്മിറ്റി രൂപീകരിയ്ക്കേണ്ടതാണ്.

1. ജുവനൈൽ ജസ്റ്റിസ് ബോർഡിലെ ഒരു മെമ്പർ - ചെയർമാൻ
   (ജെ.ജെ.ബി. നിശ്ചയിക്കുന്ന അംഗം)
2. ജില്ലാ ശിശുസംരക്ഷണ ഓഫീസർ
3. ലീഗൽ കം പ്രൊബേഷൻ ഓഫീസർ - കൺവീനർ

ഓരോ ജില്ലയിലേയ്ക്കും രണ്ട് സന്നദ്ധ സംഘടനകളെയാണ് ഈ പദ്ധതി നടപ്പാക്കുന്നതിനുവേണ്ടി തെരെഞ്ഞെടുക്കേണ്ടത്. സന്നദ്ധ സംഘടനകളെ തെരെഞ്ഞെടുക്കാനുള്ള നടപടികൾ ഉടൻതന്നെ ആരംഭിയ്ക്കണം.

സാമൂഹ്യനീതി ഡയറക്ടർക്കുവേണ്ടി

ജില്ലാ ശിശുസംരക്ഷണ ഓഫീസർ
പത്തനംതിട്ട, കോട്ടയം,എറണാകുളം,
തൃശ്ശൂർ, മലപ്പുറം, കണ്ണൂർ

പകർപ്പ്:-
1. പ്രിൻസിപ്പൽ മജിസ്ട്രേറ്റ്,ജുവനൈൽ ജസ്റ്റിസ് ബോർഡ്
   പത്തനംതിട്ട, കോട്ടയം, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കണ്ണൂർ
2. കോർഡിനേറ്റർ, NIMHANS
3. നോഡൽ ഓഫീസർ, കാവൽ
4. ICPS 4
5. പ്രോഗ്രാം മാനേജർ, SCPS
6. Stock File